# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 -ലെ കമ്പനീസ് ആക്റ്റ് പ്രകാരം രൂപീകൃതം)

CIN:U40100KL2011SGC027424

രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,

തിരുവനന്തപുരം -695004 , കേരളം.

ഫോൺ : +91471 2514472 2514527 2514455 2514608

വെബ് : www.kseb.in ഇ-മെയിൽ poksebl@gmail.com


## സംഗ്രഹം

07.10.2019 - ന് പടിച്ചിറ ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ ശ്രീ. അജിത്തിനും ശ്രീമതി ഷൈലജയ്ക്കും സംഭവിച്ച മാരകമായ വൈദ്യുതാഘാതമേറ്റുള്ള മരണം ആശ്വാസധനസഹായം അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

---

## കോർപ്പറേറ്റ് ഓഫീസ് (പേഴ്സണൽ)

B.O (FTD) No. 588/2020(PS.9/PUB/102/F/Ajith & Shylaja/2019) തീയതി, തിരുവനന്തപുരം 23.09.2020

---

സൂചനः-
1) B.O (DB) No.1641/2018 (PS.VIII/GL/97) dated 05.07.2018
2) പടിച്ചിറ ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എൻജിനീയർ സമർപ്പിച്ച അപകടത്തിന്റെ വിശദ വിവര റിപ്പോർട്ട്.
3) നമ്പർ എൽ - 2874/19/ഇ.ഐ.ഡബ്ല്യൂ പ്രകാരമുള്ള കൽപ്പറ്റ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ റിപ്പോർട്ട്.
4) ചീഫ് പേഴ്സണൽ ഓഫീസർ ഡയറക്ടർ (വിതരണം & ഐ.റ്റി) ക്ക് സമർപ്പിച്ച PS.9/PUB/102/F/Ajith & Shylaja/2019 തീയതി 23.07.2020 നമ്പർ കുറിപ്പ്.
5) ചീഫ് പേഴ്സണൽ ഓഫീസർ മുഴുവൻ സമയ ഡയറക്ടർമാർ മുമ്പാകെ സമർപ്പിച്ച നം.PS.9/PUB/102/F/Ajith & Shylaja/2019 തീയതി 18.08.2020 ലെ കുറിപ്പ്.

## ഉത്തരവ്

(സൂചന 2). പ്രകാരം 07.10..2019 - ന് മാനന്തവാടി ഇലക്ട്രിക്കൽ ഡിവിഷനു കീഴിൽ പടിച്ചിറ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ പ്രകൃതി ക്ഷോഭത്തെ തുടർന്ന് പോസ്റ്റ് ചരിയുകയും സമീപത്ത് നിന്നിരുന്ന തെങ്ങിൽ നിന്നും ഓല ലൈനിന് പുറത്ത് വീണതു മൂലം വൈദ്യുതി ലൈൻ താഴ്ന്ന് തറനിരപ്പിൽ നിന്നും മൂന്ന് മീറ്റർ ഉയരത്തിൽ നിർമ്മിച്ച വൈദ്യുതി ഫെൻസിംഗിൽ തട്ടി നിൽക്കുകയും, തൻമൂലം വൈദ്യുത പ്രവാഹമുണ്ടായ ടി ഫെൻസിംഗിൽ ശ്രീ. അജിത്തും അമ്മയായ ഷൈലജയും അബദ്ധത്തിൽ സ്പർശിച്ചപ്പോൾ മാരകമായി വൈദ്യുതാഘാതമേൽക്കുകയും മരണപ്പെടുകയുമുണ്ടായതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

ടി. അപകടം സംഭവിച്ചത് ശ്രീ. അജിത്ത് വാഴകൃഷി ചെയ്യുവാൻ പാട്ടത്തിന് എടുത്ത സ്ഥലത്തായിരുന്നു. കാട്ടാനകളുടെ ശല്യം തടയുവാൻ വേണ്ടി ശ്രീ. അജിത്ത് ഫെൻസിംഗ് തറനിരപ്പിൽ നിന്നും 3 മീറ്റർ ഉയർത്തി നിർമ്മിച്ചിരുന്നു. ആയതുകാരണം വൈദ്യുതി ലൈനും ഫെൻസിംഗ് തമ്മിൽ ഉണ്ടായിരിക്കേണ്ട മിനിമം അകലം ഉണ്ടായിരുന്നില്ല. പ്രസ്തുത കാരണം മുൻനിർത്തി സൂചന (1) ഉത്തരവു പ്രകാരം മരണപ്പെട്ട ശ്രീ. അജിത്തിന്റെയും അമ്മയുടെയും അനന്തരവകാശികൾക്ക് ആശ്വാസധനസഹായത്തിന് അർഹതയില്ലാത്തതാകുന്നു.

സൂചന (3) റിപ്പോർട്ട് പ്രകാരം വൈദ്യുതിലൈനിൽ കിടന്നിരുന്ന തെങ്ങിന്റെ ഓല മാറ്റിയതിനു ശേഷം വൈദ്യുത ലൈനിന്റെ ഫേസ് ലൈനിന് തറ നിരപ്പിൽ നിന്നും 3.3 മീറ്റർ ഉയരവും ന്യൂട്രൽ ലൈനിന് 3.15 മീറ്റർ ഉയരവും ആണ് ഉണ്ടായിരുന്നത്. അതിനാൽ വൈദ്യുത ലൈനും കമ്പി വേലിയും തമ്മിൽ തട്ടി നിന്നിരുന്ന സ്ഥലത്ത് 2010 – ലെ CEA regulation പ്രകാരം വേണ്ട നിയമാനുസൃതമായ 4.6 മീറ്റർ ഉയരം KSEBL അധികൃതർ പാലിക്കാത്തത് അപകടത്തിന് കാരണമായെന്നും , അതിനാൽ KSEBL അധികൃതർക്ക് ഈ അപകടത്തിന് ഉത്തരവാദിത്തമുണ്ടെന്നും രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ വൈദ്യുതി ലൈനിനടിയിലൂടെ കമ്പി വേലി ഉയർത്തി കെട്ടിയ ശ്രീ. അജിത്തിന്റെ പ്രവൃത്തിയും അപകടത്തിന് കാരണമായതായി രേഖപ്പെടുത്തിയിരിക്കുന്നു.

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ റിപ്പോർട്ട് പ്രകാരം ശ്രീ. അജിത്തിന്റെ മേൽ സൂചിപ്പിച്ച അനധികൃത പ്രവൃത്തി നിയമലംഘനമായി കണക്കാക്കാവുന്നതിനാൽ, നിലവിലെ വ്യവസ്ഥകൾക്ക് ഉപരിയായി മാനുഷിക പരിഗണനയ്ക്കും കൃഷി മാത്രം ഏക ഉപജീവന മാർഗ്ഗമായതിനും മുൻതൂക്കം നൽകി ടി. വ്യക്തികളുടെ അനന്തരാവകാശികൾക്ക് വൈദ്യുതി സുരക്ഷാ സ്കീം പ്രകാരം നിലവിലെ ബോർഡ് ഉത്തരവിന്റെ (B) കാറ്റഗറിയിൽ ഉൾപ്പെടുത്തി ആശ്വാസധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് ഉചിത തീരുമാനം എടുക്കുന്നതിനായി ഫയൽ സൂചന (4) പ്രകാരം ഡയറക്ടർ (വിതരണം, ഐ.റ്റി & എച്ച്.ആർ.എം) - ക്ക് സമർപ്പിച്ചിരുന്നു.

ഡയറക്ടർ (വിതരണം, ഐ.റ്റി & എച്ച്.ആർ.എം) - നൽകിയ നിർദ്ദേശം അനുസരിച്ച് ടി. വിഷയത്തിൽ ഉചിതമായ തീരുമാനമെടുക്കുന്നതിനുവേണ്ടി ഫുൾടൈം ഡയറക്ടേഴ്സിനു മുൻപാകെ സൂചന (5) പ്രകാരം വിശദമായ കുറിപ്പ് സമർപ്പിച്ചിരുന്നു.

26.08.2020 ന് നടന്ന FTD മീറ്റിംഗ് തീരുമാനപ്രകാരം മാനന്തവാടി ഇലക്ട്രിക്കൽ ഡിവിഷനു കീഴിൽ പടിച്ചിറ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ 07.10.2019 ന് വൈദ്യുതി ലൈൻ ഫെൻസിംഗിൽ തട്ടി നിന്നതു വഴി വൈദ്യുതി പ്രവാഹമുണ്ടായിരുന്ന ഫെൻസിംഗിൽ നിന്നും മാരകമായ വൈദ്യുതാഘാതമേറ്റ് മരണമടഞ്ഞ ശ്രീ. അജിത്തിന്റെയും അമ്മ ഷൈലജയുടെയും അനന്തരവകാശികൾക്ക് മാനുഷിക പരിഗണനക്ക് മുൻതൂക്കം നൽകി, ബാധകമായ ബോർഡ് ഉത്തരവിന്റെ (B) കാറ്റഗറിയിൽ ഉൾപ്പെടുത്തി രണ്ടു ലക്ഷം രൂപ വീതം ആശ്വാസ ധനസഹായം അനുവദിക്കുവാൻ തീരുമാനിച്ചു.

മുഴുവൻ സമയ ഡയറക്ടർമാരുടെ ആജ്ഞാനുസരണം

**ഒപ്പ്**
**ലേഖ. ജി**
**കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്**

പകർപ്പ് :-

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും /എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും/
എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും/എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും/
എല്ലാ അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റുകൾക്കും
ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
പി. എ ടു ഡയറക്ടർ (ഫിനാൻസ്)

ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ &എസ്.ഒ,)
ടി. എ ടു ഡയറക്ടർ (സി.പി & സേഫ്റ്റി)
ടി. എ ടു ഡയറക്ടർ {ജനറേഷൻ (ഇലക്ട്രിക്കൽ) & എസ്.സി.എം}
ടി. എ ടു ഡയറക്ടർ {ജനറേഷൻ & സിവിൽ}
കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ് /സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ
ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ
ചീഫ് വിജിലൻസ് ഓഫീസർ / ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഐ.റ്റി)
ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻപ്രകാരം

സീനിയർസൂപ്രണ്ട്